# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2129** — **15/07/2011-ൽ മറുപടിക്ക്**

## സ്കൂളുകളിൽ ഐ.ടി. പഠനത്തിനായി പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സ്കൂളുകളിൽ ഐ.ടി. പഠനത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളത്; | എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഐ.ടി. പഠനത്തിനായി അടിസ്ഥാന ഐ.ടി പരിശീലനം, ഐ.ടി അധിഷ്ഠിത പരിശീലനം, ഹാർഡ് വെയർ പരിശീലനം, ഐ.സി.ടി. പാഠ പുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിശീലനം, സ്കൂൾ സ്റ്റുഡന്റ് ഐ.ടി കോർഡിനേറ്റർ (SSITC) മാർക്കുള്ള പരിശീലനം, ഐ.ടി. ക്ലബ് അംഗങ്ങൾക്കുള്ള പരിശീലനം, കുട്ടികൾക്കുള്ള അനിമേഷൻ പരിശീലനം, എച്ച്.എസ്.എസ്/ വി.എച്ച്. എസ്.എസ്/യു.പി. അധ്യാപകർക്കുള്ള ഐ.ടി പരിശീലനം തുടങ്ങിയ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഐ.സി.ടി.പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾക്ക് ആവശ്യമുള്ള ഐ.സി.ടി. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഹാർഡ് വെയർ വിതരണം ചെയ്തു വരുന്നു. കൂടാതെ സ്കൂളുകളിലെ കേടായ കമ്പ്യൂട്ടറുകൾ നന്നാക്കുന്നതിന് ജില്ലകൾ തോറും ക്ലിനിക്കുകൾ നടത്തിവരുന്നു. ഇതിനു പുറമെ ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് അവയെ ഐ.സി.ടി. മോഡൽ സ്കൂളുകളാക്കുന്നതിന്റെ ആദ്യ ഘട്ടമായി ഈ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുന്നതിനുള്ള ഹാർഡ് വെയർ നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ തെരഞ്ഞെടുത്ത അഞ്ച് സ്കൂളുകളെ കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി മോഡൽ സ്കൂളുകളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും 25 ലക്ഷം രൂപയുള്ള ഭൗതിക സൗകര്യങ്ങൾ അഞ്ചു വർഷത്തേക്ക് ഈ സ്കൂളുകളിൽ ഒരുക്കുന്നു. കൂടാതെ പഠനവിഭവ ഡിവിഡികൾ റിസോഴ്സ് ഉള്ളടക്കപോർട്ടൽ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.<br>( www.resource.itschool.gov.in) |

(.....2)

| | |
|---|---|
| സി) കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ; വ്യക്തമാക്കുമോ? | സി) സ്കൂളിലെ വിദ്യാർത്ഥികളുടെ വിവരാംശങ്ങൾ മുഴുവൻ ഓൺലൈനായി ശേഖരിച്ച് അക്കാദമിക് ഭരണ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന 'സമ്പൂർണ്ണ' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ ഉൾപ്പെടെ മറ്റു നിരവധി പരിപാടികൾ ഐ.സി.ടിയുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ